പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4374 19.10.2011-ൽ മറുപടിയ്ക്ക്

## പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എസ്. ശർമ്മ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സ്കൂളുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ ;<br><br>(ബി) എങ്കിൽ എന്തെല്ലാം സഹായങ്ങളാണ് സ്കൂളുകൾക്ക് കൃഷി വകുപ്പ് നൽകി വരുന്നത് ; വ്യക്തമാക്കാമോ ? | (എ) & (ബി) ഉണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഒരു പ്രധാന ഘടകം വിദ്യാലയങ്ങളിൽ പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയാണ്. ഇതിനായി സ്ക്കൂളൊന്നിന് 2500/- രൂപ നിരക്കിൽ ധനസഹായം 500 സ്ക്കൂളുകൾക്ക് നൽകുന്നു. കൂടാതെ സ്ക്കൂളുകളിൽ ജലസേചന സൗകര്യമൊരുക്കുന്നതിന് 10000/- രൂപ നിരക്കിൽ ധനസഹായം 125 സ്ക്കൂളുകൾക്ക് നൽകുന്നു. പഞ്ചായത്തുകളുമായി സഹകരിച്ച് പദ്ധതി അടിസ്ഥാനത്തിൽ കൂടുതൽ സ്ക്കൂളുകളിൽ ഇത് വ്യാപിപ്പിക്കുന്നുണ്ട്.<br><br>കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം തിരുവനന്തപുരം ജില്ലയിലെ തിരഞ്ഞെടുത്ത 30 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. വിദ്യാർത്ഥികൾക്ക് ജൈവ പച്ചക്കറികൃഷിയെക്കുറിച്ചുള്ള പരിശീലനം നൽകുന്നതിനോ |

ടൊപ്പം തന്നെ വിത്തു വളവും വാങ്ങുന്നതിനും പണിക്കൂലിക്കും മറ്റുമായി ഈ സ്കൂളുകളിൽ 100 ശതമാനം സബ്സിഡി നിരക്കിൽ 5000 രൂപയുടെ ധനസഹായം നൽകുന്നുണ്ട്. മാത്രമല്ല സ്കൂളുകളിൽ കൃഷിയ്ക്കായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് പമ്പ്സെറ്റ് വയ്ക്കുന്നതിനും, കിണർ കുത്തുവാനും മറ്റ് അനുബന്ധ കാര്യങ്ങൾക്കുമായി 100 ശതമാനം സബ്സിഡി നിരക്കിൽ 15000 രൂപ വീതം തിരഞ്ഞെടുത്ത 30 സ്കൂളുകളിൽ നൽകുന്നു.

സെക്ഷൻ ഓഫീസർ